# അടിയന്തിരം.

നം.ഇ.എസ്സ് 6-38135/15/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.02/06/2015.

പ്രേക്ഷിതൻ

ആരോഗ്യവകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
കൊല്ലം/ആലപ്പുഴ/തൃശ്ശൂർ/കോഴിക്കോട്.

വിഷയം - ആരോഗ്യവകുപ്പ് - സേവനകാര്യം - സീനിയർ ഗ്രേഡ് ഡയറ്റീഷന്റെ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ നടപടികൾകോൺഫിടെൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന - സംബന്ധിച്ച്.

സൂചന - ഈ ഓഫീസ് സർക്കുലർ നം.ഇ.എസ് 7-69898/2014/ ആ.വ.ഡ/തീയതി.22/04/2015.

ഡയറ്റീഷൻ ഗ്രേഡ് 1 തസ്തികയിൽ നിന്ന് സീനിയർ ഗ്രേഡ് ഡയറ്റീഷന്റെ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ നടപടികളുടെ ഭാഗമായുള്ള ഡി.പി.സി യോഗത്തിൽ സമർപ്പിക്കുന്നതിലേക്കായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചുള്ള പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഡയറ്റീഷൻ ഗ്രേഡ് 1 മാരുടെ 2012, 2013, 2014 വർഷത്തെ കോൺഫി ടെൻഷ്യൽ റിപ്പോർട്ടുകൾ അടിയന്തിരമായി ആവശ്യമാണ്. ആയതിനാൽ താങ്കളുടെ ജില്ലയിൽ ജോലിചെയ്യുന്ന ബന്ധപ്പെട്ട ജീവനക്കാരുടെ ടി കോൺഫിടെൻഷ്യൽ റിപ്പോർട്ടുകൾ അടിയന്തിരമായി ശേഖരിച്ച് തുടർനട പടികൾ പൂർത്തിയാക്കി 16/06/2015 നകം പ്രത്യേക ദൂതൻ മുഖേന ഈ ഓഫീസിൽ സമർപ്പിക്കേ ണ്ടതാണ്. കോൺഫിടെൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ സൂചന സർക്കുലറുകൾ പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട

ജീവനക്കാരുടെ പേരിനു നേരേ സൂചിപ്പിച്ചിട്ടുള്ള കാലയളവുകളിലെ കോൺഫിടെൻഷ്യൽ റിപ്പോർട്ടുകളാണ് ഇനി ലഭിക്കുവാനുള്ളത്. ഉദ്യോഗക്കയറ്റ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതിനാൽ ഈ വിഷയത്തിൽ അടിയന്തിര പ്രാധാന്യം നൽകി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൃത്യമായ കോൺഫിടെൻഷ്യൽ റിപ്പോർട്ടുകൾ ലഭിക്കാത്തപക്ഷം പ്രസ്തുത ജീവനക്കാരെ ഉദ്യോഗക്കയറ്റത്തിൽ നിന്നും ഒഴിവാക്കുന്നതും ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ജീവനക്കാരിൽ നിക്ഷിപ്തവുമായിരിക്കും. തങ്ങൾ സമർപ്പിക്കുന്ന കോൺഫിടെൻഷ്യൽ റിപ്പോർട്ടുകൾ തുടർനടപടികൾക്കു ശേഷം ഈ ഓഫീസിലേക്ക് അയച്ചുവെന്നത് ബന്ധപ്പെട്ട ജീവനക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി.

| Sl.No. | Name | Date of birth |
|---|---|---|
| 1 | Kajal.K | 15/3/1960 |
| 2 | Mini Philip | 29/5/1964 |
| 3 | Maya lekshmi.K | 9/5/1966 |
| 4 | Jais Abraham | 22/3/1961 |
| 5 | Sheeja kamal | 17/5/1977 |
| 6 | Suni.K | 9/5/1972 |

For DHS